കുന്ന്, ഡോ.എം.ഐ. സഹദുല്ല തുടങ്ങിയവർ സമീപം

വി.കെ. ജോഷി തുടങ്ങി 16 പേർക്കാ

# ഗൾഫ് നാടുകളിലേക്ക് എയർഇന്ത്യ കൂടുതൽ വിമാനസർവീസുകൾ നടത്തണം: ഹസൻ

തിരുവനന്തപുരം: ഗൾഫ്നാടുകളിലേക്ക് കൂടുതൽ വിമാനസർവീസുകൾ നടത്താൻ എയർഇന്ത്യ തയാറാകണമെന്ന് നോർക്ക-റൂട്ട്സ് ചെയർമാൻ എം.എം. ഹസൻ എം.എൽ.എ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു. ഗൾഫ് മലയാളികളെ അവഗണിക്കുന്ന നിലപാടാണ് എയർഇന്ത്യയുടേതെന്ന് വ്യാപകപരാതി ഉയർന്നിട്ടുണ്ട്. മുന്നറിയിപ്പില്ലാതെ പല സർവീസുകളും നിർത്തിവയ്ക്കുകയാണ്. പുതിയ വിമാനങ്ങൾ പാട്ടത്തിനെടുത്തും എയർക്രാഫ്റ്റ് വാങ്ങുന്നതിലെ കാലതാമസം ഒഴിവാക്കിയും മാത്രമേ പ്രശ്നങ്ങൾ പരിഹരിക്കാനാകൂ.

എയർഇന്ത്യ ബജറ്റ് എയർലൈൻസ് സംവിധാനം ഏർപ്പെടുത്തിയ മേഖലകളിൽ കൂടുതൽ വിമാനങ്ങൾ അനുവദിക്കുകയോ, കൂടുതൽ സീറ്റുകളുള്ള വിമാനങ്ങൾ അനുവദിക്കുകയോ വേണം. സൗദിയിലേക്കും ബജറ്റ് എയർലൈൻസ് സംവിധാനം വ്യാപിപ്പിക്കണം. ഇക്കാര്യങ്ങൾ എയർഇന്ത്യ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയതായും ഹസൻ പറഞ്ഞു. എയർഇന്ത്യ കൂടുതൽ വിമാനസർവീസ് അനുവദിക്കുന്നില്ലെന്ന് മാത്രമല്ല മറ്റ് വിമാനക്കമ്പനികൾക്ക് ഗൾഫ്നാടുകളിലേക്ക് സർവീസ് നടത്താനുള്ള അനുമതി നൽകുന്നുമില്ല. ആ രീതി മാറണം. ഇക്കാര്യം കേന്ദ്ര വ്യോമയാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തും. 25 വർഷമായി ഗൾഫ്നാടുകളിലെ മലയാളികളോട് എയർഇന്ത്യ തുടരുന്ന ഈ അനീതി അവസാനിപ്പിച്ചില്ലെങ്കിൽ പൊട്ടിത്തെറിയുണ്ടാകും.

അടുത്ത പാർലമെന്റ് സമ്മേളനത്തിൽ ഈ പ്രശ്നം അവതരിപ്പിക്കാൻ കേരള എം.പിമാരോട് ആവശ്യപ്പെടും. എയർഇന്ത്യയുടെ കുത്തക അവസാനിപ്പിച്ച് വിദേശ വിമാനക്കമ്പനികൾക്കും ഗൾഫ് നാടുകളിലേക്ക് സർവീസ് നടത്താനുള്ള അനുമതി നൽകണം. സൗദിയിലെ ഇന്ത്യൻ എംബസിയിൽ മലയാളം അറിയാവുന്ന ഉദ്യോഗസ്ഥരെ കൂടുതലായി നിയമിക്കണം.

റിയാദിൽ വാഹനാപകട കേസിൽ തടവിൽ കഴിയുന്ന കുമാരനെന്ന മലയാളിയെ മോചിപ്പിക്കുന്നതിനുള്ള മോചനദ്രവ്യ തുക കുറപ്പിക്കാൻ മുഖ്യമന്ത്രി വഴി പ്രസിഡന്റിന്റെ ശ്രദ്ധയിൽ ഇക്കാര്യം പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

നാലര ലക്ഷം റിയാലാണ് കുമാരന്റെ മോചനത്തിന് കെട്ടിവയ്ക്കേണ്ടത്. മലയാളികളുടെ നേതൃത്വത്തിൽ ഇതിനായി പണം പിരിക്കുന്നുണ്ട്. വിദേശമലയാളികളുടെ കൂട്ടായ്മയായ 'സമവായം' ആഗസ്റ്റ് 5, 6 തീയതികളിൽ തിരുവനന്തപുരത്ത് നടക്കും. ഒരു സംഘടനക്ക് അഞ്ചുപേരെ സമ്മേളനത്തിൽ പങ്കെടുപ്പിക്കാം. ജൂലൈ 15 ഓടെ ഇതിനുള്ള രജിസ്ട്രേഷൻ പൂർത്തിയാകും. ഗൾഫ് മലയാളികളുടെ പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവന്ന വാർത്തകൾക്കും സമവായത്തിൽ അവാർഡ് വിതരണം ചെയ്യും. ഇതിനുള്ള അപേക്ഷകൾ ചീഫ് എക്സിക്യൂട്ടീവ്, നോർക്ക-റൂട്സ്, സെൻട്രൽ പ്ലാസ, വഴുതയ്ക്കാട് എന്ന വിലാസത്തിൽ ജൂലൈ 15 ന് മുമ്പ് ലഭിക്കണമെന്നും ഹസൻ അറിയിച്ചു.

## 11 പേർ ആശുപത്രിയിൽ

## പോലീസിനെ കേ